പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1273 21.03.2013-ൽ മറുപടിക്ക്

**<u>റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| **ഡോ.എൻ.ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.പി.സി.ജോർജ്** | **ശ്രീ. വി.കെ.ഇബ്രാഹിംകുഞ്ഞ്**<br>**(പൊതുമരമത്ത് വകുപ്പു മന്ത്രി)** |
| (എ) ഈ സർക്കാർ എത്ര കിലോമീറ്റർ റോഡുകൾക്ക് നിർമ്മാണത്തിനായി ഏറ്റെടുത്തു: അതിലേക്ക് നീക്കിവച്ച തുകയെത്ര; വിശദാംശം നൽകുമോ;<br><br>(ബി) എത്ര കിലോമീറ്റർ റോഡുകളുടെ നിർമ്മാണം ഇതുവരെ പൂർത്തിയാക്കിയെന്നറിയിക്കുമോ;<br><br>(സി) ബി.എം ആന്റ് ബി.സി യിൽ ചെയ്യുന്നതിന് എത്ര കിലോമീറ്റർ റോഡുകളാണ് ഉൾപ്പെടുത്തിയത്; ആ.തിൽ എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നറിയിക്കുമോ;<br><br>(ഡി) 2013-14 സാമ്പത്തിക വർഷം എത്ര പതിയ പാലങ്ങളും എത്ര കിലോമീറ്റർ റോഡുകളും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു; ആയതിലേക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ? | : ദേശീയപാത വിഭാഗത്തിൽ എൻ.എച്ച്.ഡി.പി ഫെയിസ് II ആന്റ് III -യിൽ ഉൾപ്പെടുത്തി ദേശീയപാത 66 (669 കി.മി) ഉം,ദേശീയപാത 544 (160 കി.മി) ഉം നാഷണൽ ഹൈവേ അതോറിറ്റി മുഖാന്തിരം 4/6 വരി പാതയായി പുനർ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2011-12 ൽ ദേശീയപാത വിഭാഗത്തിൽ അംഗീകാരം നൽകിയ 224.15 കി.മീ റോഡിന്റെ ബി.എം ആന്റ് ബി.സി വർക്കുകൾ പുരോഗമിച്ച് വരുന്നു. 2012-13 ൽ കേന്ദ്ര സർക്കാരിൽ നിന്നും 256 കിലോമീറ്ററിന് ബി.എം ആന്റ് ബി.സി വർക്കുകൾക്ക് അംഗീകാരം ലഭിച്ചു. അതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br>ദേശീയപാത 47 ഉം 17 ഉം ഒഴികെയുള്ള ദേശീയപാതയുടെ റീ സർഫസിങ് ഉൾപ്പടെയുള്ള പണികൾക്കായി 349.67 കോടി രൂപയ്ക്കുള്ള നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 10 വലിയ പാലങ്ങളുടേയും ഒരു ചെറിയ പാലത്തിന്റെയും നിർമ്മാണവും ആറ് പാലങ്ങളുടെ റീഹാബിലിറ്റേഷനും ഉൾപ്പെട്ടിട്ടുണ്ട്.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൽപ്പെട്ട റോഡുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ